**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2979** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുംഭാര സമുദായക്കാർക്ക് പ്രത്യേക സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുംഭാര സമുദായക്കാരുടെ തെറ്റായി ചേർത്ത ജാതിപ്പേര് തിരുത്തൽ, അവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തൽ തുടങ്ങിയവ സംബന്ധിച്ച് കേരള പിന്നോക്കവിഭാഗ കമ്മീഷൻ നടത്തിയ സിറ്റിംഗുകളുടെ ഭാഗമായുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിവിധ ജാതിപേരുകളിൽ അറിയപ്പെടുന്ന സമുദായങ്ങളെ കുംഭാരൻ എന്ന പേരിൽ ഏകീകരിക്കുന്ന വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ച് വരുന്നു. കുംഭാരൻമാർക്ക് പ്രത്യേക സംവരണം സംബന്ധിച്ച വിഷയം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വിവിധ ജാതിപേരുകളിൽ അറിയപ്പെടുന്ന സമുദായങ്ങളെ കുംഭാരൻ എന്ന പേരിൽ ഏകീകരിക്കുന്ന വിഷയം സംബന്ധിച്ചുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം സർക്കാർ പരിശോധിച്ച് വരുന്നു. കുംഭാരൻമാർക്ക് പ്രത്യേക സംവരണം സംബന്ധിച്ച വിഷയം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് വരുന്നു. |
| (സി) | കുംഭാര സമുദായക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കുംഭാരൻ സമുദായം ഉൾപ്പടെയുള്ള മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ, ഉദ്യോഗ മേഖലകളിൽ സംവരണം അനുവദിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലെ പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്കും, ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾക്കും, M. Tech കോഴ്സുകൾക്കും പ്രവേശനത്തിന് പ്രത്യേകമായി 1% സംവരണം അനുവദിക്കുന്നുണ്ട്. ആർട്സ് ആന്റ് സയൻസ് ബിരുദ കോഴ്സുകളിലെ പ്രവേശനത്തിന് ഒ.ബി.എച്ച് വിഭാഗങ്ങൾക്കൊപ്പം 3% സംവരണവും, മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനു വിശ്വകർമ്മ, ധീവര, മറ്റ് പിന്നാക്ക ഹിന്ദു വിഭാഗങ്ങളോട് (ഒ. ബി.എച്ച്) ചേർത്ത് 7% സംവരണവും നൽകിവരുന്നു. ഉദ്യോഗ |

| | | | |
|---|---|---|---|
| | | | സംവരണത്തിനായി ടി സമുദായങ്ങളെ residual OBC-യിൽ ഉൾപ്പെടുത്തി ക്ലാസ് IV തസ്തികകളിൽ 6% സംവരണവും, ക്ലാസ് IV ഒഴികെയുള്ള തസ്തികകളിൽ 3% സംവരണവും അനുവദിക്കുന്നുണ്ട്. കുംഭാര സമുദായമടക്കമുള്ള മൺപാത്ര നിർമ്മാണ സമുദായങ്ങളെ മറ്റർഹ വിഭാഗത്തിൽ (OEC) ഉൾപ്പെടുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണ ഗതിയിൽ ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്.<br><br>പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളി വിഭാഗങ്ങളുടെ സാമൂഹ്യ വിദ്യാഭ്യാസ അവസ്ഥ വളരെ പിന്നാക്കമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പ്രസ്തുത വിഭാഗങ്ങളുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വ്യക്തിഗത ധന സഹായവും, കൂടാതെ പരമ്പരാഗത കളിമൺപാത്ര തൊഴിലാളികൾ അധിവസിക്കുന്ന കോളനികളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് കുംഭാര കോളനി നവീകരണത്തിനായി തുകയും അനുവദിച്ചു വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പരമാവധി വേഗത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ